**WEEK- 4**

# *Arise and be baptized*

## *(എഴുന്നേറ്റ് സ്നാനം ഏൽക്കുക- അപ്പോ,പ്രവ:22:16)*




ഒരു മനുഷ്യന്റെ അനുഭവസാക്ഷ്യം വായിച്ചത് ഓർക്കുന്നു. "അൻപത് പോലീസ് സ്റ്റേഷനുകളിൽ മാറിമാറികയറി,നൂറുകണക്കിന് പോലീസുകാരുടെ ബൂട്ട്സിന്റെ ചവിട്ടേറ്റിട്ടും രൂപാന്തരം വരാത്ത എനിക്ക് യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ടപ്പോൾ മാറ്റം വന്നു.മുറുകെ പിടിച്ച പല പാപങ്ങളും ഉപേക്ഷിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു,പക്ഷേ ഒന്നും നടന്നില്ല.എന്നിലെ പഴയ മനുഷ്യനെ മാറ്റി പുതിയ മനുഷ്യനാക്കിയത് പരിശുദ്ധാന്മാവാണ് " ഇതായിരുന്നു എന്നെ ആകർഷിച്ച സാക്ഷ്യം.ഇത് വായിച്ചപ്പോൾ ശൗലിനെപ്പറ്റി ഞാൻ ചിന്തിച്ചു.കർത്താവിനായി നിൽക്കുന്നവരെ കണ്ടാൽ ഉപദ്രവിപ്പാനുള്ള അധികാരപത്രം കൈവശമുള്ളവനെ മാറ്റി എടുത്തത് ദൈവശബ്ദവും,ദൈവതേജസ്സുമായിരുന്നു.തന്റെ പേർവിളിച്ച ദൈവികശബ്ദം അവനെ പുതുമനുഷ്യനാക്കിതീർത്തു.തെരഞ്ഞെടുപ്പും വിളിയും ലഭിച്ചവനു മാത്രമേ ശബ്ദംകേൾക്കുവാൻ കഴിഞ്ഞുള്ളു.എഴുന്നേൽക്കുന്നതിന്റെ ആദ്യപടിയായി വെളിച്ചവും വിളിയും നമ്മിലേക്ക് വരട്ടെ.

ദൈവം തിരഞ്ഞടുത്ത ഒരുവ്യക്തിയെ തന്റെ കാര്യ നിർവ്വഹണത്തിന് എപ്രകാരം ഉപയോഗിക്കണമെന്നും അതിനായി ആരെ നിയോഗിക്കണമെന്നും ദൈവത്തിന് നന്നായി അറിയാം.തന്റെ ദൗത്യനിർവ്വഹണത്തിനായി ദൈവം നിയോഗിച്ച അനന്യാസ് എന്ന വ്യക്തി ആരെന്ന് Acts(22:12)ൽ കാണുന്നു.അനന്യാസ് കാഴ്ച നഷ്ടപ്പെട്ട ശൗലിന്റെ അടുക്കലെത്തി പ്രാർത്ഥിച്ചപ്പോൾ അവന് കാഴ്ചലഭിച്ചു. "നീ ആരാകുന്നു കർത്താവേ" എന്ന് ശൗൽ ചോദിച്ചു.എങ്കിലും വിളിച്ചവൻ ആരെന്നും അവന്റെ ഹിതം എന്തെന്നും അനന്യാസ് വ്യക്തമാക്കുന്നു.Acts(22:14)

"എന്റെ ദൈവമെ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രീയപ്പെടുന്നു" എന്ന് സങ്കീർത്തനക്കാരനെപ്പോലെ തിരഞ്ഞെടുക്കപ്പെട്ടവർ തീരുമാനിക്കണം.ഭൂലോക മെങ്ങും പോയി സകലസ്യഷ്ടികളോടും സുവിശേഷം പ്രസംഗിപ്പാൻ വിളിക്കപ്പെട്ടവർ ചുമതലപ്പെട്ടവരാണ്. അതിനായി ദൈവവചനം വിശ്വസിക്കയും അനുസരിക്കയും ചെയ്യണം

' ഇനി താമസമെന്തിന്' എന്ന് ശൗലിനോട് ചോദിച്ച ചോദ്യം സ്വയം ചോദി ക്കുക. ജീവനുണ്ടെങ്കിലും മരിച്ച അവസ്ഥയിൽ കഴിയുന്നവരുടെ നടുവിൽ നിന്ന് എഴുന്നേറ്റ് അവന്റെ നാമം വിളിച്ച് പ്രാർത്ഥിച്ച് സ്നാനത്തിനായി ഒരുങ്ങുവാൻ ശൗലിനോട് നിർദ്ദേശിച്ചത് അനന്യാസ് എങ്കിൽ ഈ പുതുവർഷം സത്യമറിഞ്ഞിട്ടും മടിക്കുന്നതെന്തെന്ന് പരിശുദ്ധാത്മാവ് നിങ്ങളോട് ചോദിക്കുന്നു. ക്രിസ്തു കാട്ടി ത്തന്ന മാതൃകാസ്നാനം ദൈവീക നീതിയാണ് . (യോഹ : 1:32:33) നല്ല മനസാക്ഷി ക്കുവേണ്ടി ദൈവത്തോടുള്ള അപേക്ഷയാണ് സ്നാനം എന്ന് 1 പത്രോ : 3 :21 ൽ കാണുന്നു. സഭയുടെ അടിസ്ഥാന ഉപദേശങ്ങളിലൊന്നായ സ്നാനം ഏറ്റെടുക്കുക മൂലം ക്രിസ്തുവിനോട് ചേരുകയാണ് ചെയ്യുന്നത് ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏൽക്കുവാൻ സമർപ്പിക്കുന്നവർ ക്രിസ്തുവിനെ ധരിക്കുന്നു. (ഗലാ: 3 : 27)

വിശ്വസിച്ച് സ്നാനം ഏറ്റ് രക്ഷയിലാകുന്ന നമുക്ക് അവന്റെ മരണപുനരുത്ഥാ നങ്ങളോട് പങ്കാളികളാകുവാനുള്ള കൃപ ലഭിക്കുന്നു. അനന്യാസിന്റെ വാക്കുകൾ കേട്ട് എഴുന്നേറ്റ് സ്നാനം ഏറ്റ് പൗലോസായി മാറിയ ശൗൽ കർത്താവിന്റെ കൃപ യിൽ മേൽക്കുമേൽ ശക്തിപ്രാപിച്ച് തന്റെ ഓട്ടം വിശ്വസ്തതയോടെ ഓടി. ഓട്ടം തീർത്ത് finishing point ൽ എത്തിയവൻ
നീതിയുടെ കിരീടത്തിന് അവകാശിയായിത്തീർന്നു.

പ്രീയരേ ! ഈ അടിസ്ഥാന ഉപദേശം അഥവാ വിശ്വസിച്ച് സ്നാനം ഏൽക്കുക എന്ന നിയമം അനുസരിക്കുവാൻ തയാറായവരാണോ നിങ്ങൾ, ദൈവത്തോട് നല്ല മനസ്സാക്ഷിക്കായിട്ട് സ്നാനം സ്വീകരിക്കുമ്പോൾ ക്രിസ്തുവിന്റെ പുനരുത്ഥാന ത്തിൽ നമ്മെയും അവൻ രക്ഷിക്കുന്നു. അതിനാൽ താമസിക്കാതെ സ്നാനം സ്വീക രിക്കുവാൻ തയാറാകുക. നാളെ നാളെ എന്ന് പറഞ്ഞ് നീക്കിവയ്ക്കരുത് ഇന്ന് അവ സാന ദിവസമായാൽ നിത്യത എവിടെ? അതുപോലെ ഇന്ന് കർത്താവ് വന്നാലും ഗതി എന്താകും. ദയവായി ചിന്തിക്കുക. ഇനി താമസിക്കരുതേ. വചനം കേൾക്കുക, പാലിക്കുക ഹൃദയത്തിൽ സംഗ്രഹിക്കുക. ഈ 2020 ജനുവരി മാസം തന്നെ കർത്താവ് കാണിച്ചു തന്ന മാതൃക, സഭയുടെ നാഥന്റെ കൽപ്പന അനുസരിച്ച് ചെയ്യു വാൻ ദൈവം നിങ്ങളെ ശക്തികരിക്കട്ടെ ധൈര്യത്തോടെ ബന്ധനങ്ങളും ബന്ധ ങ്ങളും വിട്ട് എഴുന്നേൽക്കുക. സമയം താമസിച്ചാൽ ദുഃഖിക്കാനിടയാകും വേഗം ---------- വേഗം തയാറാക്കുക

God bless you all

ശാന്തമ്മ വർഗ്ഗീസ്
**Santhamma Varghese**
biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg